105

16/4/13

കേരള സർക്കാർ

സംഗ്രഹം 15926

സാമൂഹ്യനീതി വകുപ്പ് - വനിതാ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന വിവാഹധനസഹായം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 161/13/സാനീവ തീയതി, തിരുവനന്തപുരം, 04.04.2013

---

പരാമർശം: 1. 4.11.2006 ലെ സ.ഉ(സാധാ) നം. 475/06/സാക്ഷേവ ഉത്തരവ്.

2. 22.9.2012 ലെ സാമൂഹ്യ നീതി ഡയറക്ടറുടെ എഫ്2/46678/09 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ വനിതാ അന്തേവാസികൾക്ക് നൽകി വരുന്ന വിവാഹധനസഹായം 7500 രൂപയിൽ നിന്നും 10,000/ രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ധനസഹായം സ്വർണ്ണം, വസ്ത്രം, പാത്രം എന്നിവ വാങ്ങി നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ,വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന വിവാഹധനസഹായം 10,000/- രൂപയിൽ നിന്ന് 50,000/- (അൻപതിനായിരം) രൂപയാക്കി വർദ്ധിപ്പിച്ച് കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഗോവിന്ദൻ നമ്പൂതിരി വി.എസ്.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. } This issues with the
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം. } concurrence of Finance Dept
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗ.നം. 88749/WW2/13/Fin തീയതി 30.3.2013)
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ